സ്ഥിരം ഉപജില്ലാ സമിതിയുടെ ഒരു യോഗം 21-12-2023 ചേർന്നു യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും

1.സതീശൻ കെ വി ഇന്റേണൽവിജിലൻസ് ഓഫീസർ കൺവീനർ

2 .നിതിൻ എസ് ഡെപ്യൂട്ടി ടൗൺ പ്ലാനർ കണ്ണൂർ

3.ബിജു പി വി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**തദ്ദേശസ്ഥാപന പ്രതിനിധികൾ**

1. ഷൈന യു കെ സീനിയർ ക്ലർക്ക് ചെറുതാഴം ഗ്രാമപഞ്ചായത്ത്
2. ശിവജി സി കെ സൂപ്രണ്ട് പയ്യന്നൂർ നഗരസഭ
3. രാഹുൽ കെ മാടായി ഗ്രാമപഞ്ചായത്ത്
4. പ്രേമൻ പി കെ സെക്രട്ടറി മാടായി ഗ്രാമപഞ്ചായത്ത്
5. ദിവ്യ എം എ ഇ ഏഴോം ഗ്രാമപഞ്ചായത്ത്
6. ലജിന വി സീനിയർ ക്ലർക്ക് ഏഴോം ഗ്രാമപഞ്ചായത്ത്
7. സുരേശൻ കെ പി സീനിയർ ക്ലർക്ക് മാട്ടൂൽഗ്രാമപഞ്ചായത്ത്

8 .ജനീഷ് ഹെഡ് ക്ലർക്ക് കല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

**പരാതിക്കാർ**

1. ജിതിൻ മോഹൻ പയ്യന്നൂർ

## <u>നവകേരള സദസ്സ് പരാതികൾ</u>

**അജണ്ട 1**

Docket No.KNR 0070523

മാടായി ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ഷാജി കാഞ്ഞങ്ങാട് എന്നിവരുടെ പരാതി
പരാതിക്കാരൻ പുതുതായി വാങ്ങിയ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി ലഭിക്കുന്നില്ല എന്നതാണ് പരാതി പ്രസ്തുത കെട്ടിടത്തിന് സി ആർ സെഡ് പരിധിയിൽ ആയതിനാൽ അനധികൃത കെട്ടിടങ്ങൾക്കുള്ള നമ്പർ ആണ് നൽകിയിരിക്കുന്നത്. പ്രസ്തുത നമ്പർ തന്റെ പേരിലേക്ക് മാറ്റി കിട്ടുന്നില്ല എന്നതാണ് പരാതി ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് ശ്രീ ഷാജി കാഞ്ഞങ്ങാട് എന്നവർ ഗ്രാമപഞ്ചായത്തിൽ അപേക്ഷകൾ ഒന്നും നൽകിയിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

മേൽസാഹചര്യത്തിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി കിട്ടുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകുന്നതിന് ശ്രീ ഷാജിയോട് നിർദ്ദേശിച്ചു. അപേക്ഷ ലഭിക്കുന്ന മുറക്ക് അപേക്ഷ പരിഗണിച്ച് ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു

**അജണ്ട 2**

Docket No.KNR 0070597

ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ രാജു തെക്കേപുരയിൽ എന്നവരുടെ പരാതി
റോഡ് ആവശ്യത്തിന് സ്ഥലം വിട്ടു കൊടുത്തപ്പോൾ തന്റെ കെട്ടിടത്തിന് റോഡിൽ നിന്നും ആവശ്യമായ ദൂരപരിധി പാലിക്കുന്നതിന് സാധിക്കുന്നില്ല .താൻ 2012 13 തന്നെ ഗ്രാമപഞ്ചായത്തിൽ നിന്നും എൻഒസി എടുത്ത് ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തോടെ നിർമാണം ആരംഭിച്ചതാണെന്നും തന്റെ രോഗാവസ്ഥയും മറ്റും കാരണം പണിപൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടുമെന്നും എൻ ഓ സി പ്രകാരം അനുവദിച്ച സ്ഥലത്ത് തന്നെയാണ് താൻ വീട് പണിതിട്ടുള്ളത് എന്നും വീട് പണിതതിനു ശേഷം ഇടവഴി പൊതുജനങ്ങളുടെ ആവശ്യത്തിന് വികസിപ്പിക്കുന്നതിന് ഭാഗമായി താൻ 2 മീറ്റർ വീതിയിൽ സ്ഥലം വിട്ടുകൊടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയാണ് ഉണ്ടായത് എന്നും അറിയിച്ചു കൂടാതെ വിട്ടുകൊടുത്ത സ്ഥലം ഇപ്പോഴും തന്റെ ഉടമസ്ഥാവകാശത്തിൽ ഉള്ളതാണെന്നും രേഖാപരമായി സ്ഥലം വിട്ടുകൊടുത്തിട്ടില്ല എന്നും പരാതിക്കാരൻ അറിയിച്ചു ഗ്രാമപഞ്ചായത്തിന് വേണ്ടി സെക്രട്ടറി പ്രസ്തുത കെട്ടിടത്തിന്റെ ഒരു ഭാഗം 1.8 മീറ്റർ മാത്രമാണ് നിലവിൽകെട്ടിയ മതിലിൽ നിന്നും ലഭിക്കുന്നത് എന്ന് പറഞ്ഞു

**തീരുമാനം**

മേൽ വസ്തുത പരിഗണിച്ചു അപേക്ഷകൻ എൻ ഒ സി ലഭിച്ചിരുന്ന കാലഘട്ടത്തെ പ്ലാൻ .അപേക്ഷകൻ സ്ഥലം നിലവിൽ വിട്ടുകൊടുക്കാൻ സന്നദ്ധൻ ആയിട്ടുണ്ടെങ്കിലും രേഖാപരമായ വിട്ടു നൽകിയിട്ടില്ല എന്നുള്ള വസ്തുത അപേക്ഷകന്റെ ആധാര പ്രകാരമുള്ള സ്ഥലത്തിന്റെ അളവ് എന്നിവ പരിഗണിച്ച് അപേക്ഷകന്റെ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്ന നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു

**അജണ്ട 3**

Docket No.KNR 0071525

മാടായി ഗ്രാമപഞ്ചായത്തിനെതിരെ സാജിദ എന്നവരുടെ പരാതി
മാടായി ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം നടത്തുന്നതിന്അനുമതി ലഭിക്കുന്നില്ല എന്നതാണ് പരാതി ശ്രീമതിസാജിദയോട് അന്വേഷിച്ചതിൽ നിർമ്മാണ അനുമതിക്ക് വേണ്ടി പ്ലാൻ സമർപ്പിച്ചു എങ്കിലും അപാകതകൾ ഉള്ളതുകൊണ്ട് പരിഹരിച്ച് പുന സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നിർദേശിച്ചിട്ടുണ്ട് എന്നാൽ കെട്ടിട

നിർമ്മാണ ചട്ട പ്രകാരമുള്ള ലൈസൻസി പുതുക്കിയ അപേക്ഷാ തയ്യാറാക്കി നൽകാത്തതിനാലാണ് പുന സമർപ്പിക്കാൻ കഴിയാത്തത് എന്നാണ് അറിയിച്ചത്

**തീരുമാനം**

ശ്രീമതി സാജിദയുടെ അപേക്ഷയിൽ മാടായി ഗ്രാമപഞ്ചായത്ത് അപാകതകൾ അറിയിച്ചിട്ടുള്ളതാണ് ആയത് പരിഹരിച്ച് പുനസമർപ്പിച്ചിട്ടില്ല ലൈസൻസി അപേക്ഷ തയ്യാറാക്കി നൽകാത്തത് കൊണ്ടാണ് പുനഃ സമർപ്പിക്കാൻ കഴിയാത്തത് എന്ന് അപേക്ഷക വ്യക്തമാക്കിയിട്ടുണ്ട് ഈ സാഹചര്യത്തിൽ അപാകതകൾ പരിഹരിച്ച് പ്ലാൻ പുന സമർപ്പിക്കുന്നതിന് ശ്രീമതി സാജിതയോട്നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 4**

Docket No.KNR 007 1261

ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി രേണുക എൻ വി എന്നവരുടെ അപേക്ഷ

തൻറെ നിലവിലുള്ള കെട്ടിടത്തിനു മുകളിലായി കോർട്ടേജ് പണിതിട്ടുണ്ടെന്നും പ്രസ്തുത കോട്ടേജിനെ നമ്പർ ലഭിക്കുന്നില്ല എന്നതുമാണ് പരാതി

നിലവിലുള്ള കെട്ടിടം അംഗീകൃത നമ്പർ ഉള്ള കെട്ടിടമാണ് പ്രസ്തുതകെട്ടിടത്തിന് മുകളിലായി ബിൽഡിംഗ് നിർമ്മിച്ചപ്പോൾ ഇലക്ട്രിക്കൽ ലൈനിൽ നിന്നും വേണ്ടത്ര അകലം പാലിച്ചില്ല എന്ന കാരണത്താൽ കെട്ടിട നിർമ്മാണ ചട്ടമനുസരിച്ചിട്ടുള്ള ലൈസൻസികൾ പ്ലാൻ വരച്ചു നൽകാത്തതിനാൽ നമ്പറിന് അപേക്ഷിക്കാൻ സാധിക്കുന്നില്ല എന്നതാണ് പരാതി

ശ്രീമതി രേണുക എന്നവർ പ്ലാനും പൂർത്തീകരണ പത്രവും സഹിതം കെട്ടിട നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ചിട്ടില്ലാത്തതാണ് എന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം പൂർത്തിയായ കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ സർട്ടിഫിക്കറ്റ് അനുബന്ധ രേഖകൾ എന്നിവ എന്നിവ സഹിതം അപേക്ഷിക്കേണ്ടതുണ്ട് എന്നാൽ ശ്രീമതി രേണുക പൂർത്തീകരണ പത്രം പ്ലാൻ എന്നിവ സഹിതം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണ് അതുകൊണ്ട് പ്ലാൻഅനുബന്ധ രേഖകൾ എന്നിവ സഹിതം അപേക്ഷിക്കുന്നതിന് ശ്രീമതി രേണുകക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു

**അജണ്ട 5**

Docket No.KNR 0070911

മാടായി ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി പനയൻ ജാനകി എന്നവരുടെ പരാതി

ശ്രീമതി പനയൻ ജാനകി മാടായി ഗ്രാമപഞ്ചായത്തിൽ പണിത ഭവനത്തിന് കെട്ടിട നമ്പർ അനുവദിച്ചു ലഭിക്കുന്നില്ല എന്നതാണ് പരാതി

**തീരുമാനം**

ശ്രീമതി പനയൻ ജാനകിയുടെ അപേക്ഷയിൽ പ്ലാൻ പരിശോധിച്ചതിൽ നിന്നും കെട്ടിടത്തിന് ആവശ്യമായ ഫ്രന്റ് യാർഡ് അളവുകൾ ഇല്ല എന്ന് കാണുന്നു. എന്നാൽ മറ്റ് ഭാഗങ്ങളിൽ ആവശ്യത്തിലധികം സ്ഥലവും ലഭ്യമാണ് ഈ സാഹചര്യത്തിൽ കെട്ടിടത്തിന് ആവശ്യമായ ഭേദഗതി വരുത്തി ഫ്രന്റ് യാർഡ് സ്ഥലം ലഭ്യമാകുന്ന ഭാഗത്തേക്ക് മാറ്റിയാൽ നമ്പർ അനുവദിക്കാവുന്നതാണ് കാണുന്നു. ആയതിനാൽ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അപേക്ഷ നൽകുന്നതിന് ശ്രീമതി പനയൻ ജാനകിയോട് നിർദ്ദേശിച്ചു. അപാകത പരിഹരിക്കാൻ അപേക്ഷകക്ക് സഹായകമായ വ്യക്തമായ നിർദ്ദേശം അസി.എഞ്ചിനീയറും സെക്രട്ടറിയും നല്കേണ്ടതാണ്.

**അജണ്ട 6**

Docket No.KNR 0070911

മാട്ടൂൽ ഗ്രാമപഞ്ചായത്തിനെതിരെ സജു കെ പി എന്നവരുടെ പരാതി

ശ്രീ സജു കെ പി എന്നവർ പുതുതായി പണിത കൊമേഴ്ഷ്യൽ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നില്ല എന്നാണ് പരാതിപ്പെട്ടിരിക്കുന്നത് സി ആർ സെഡ് ദൂരപരിധി പാലിക്കാത്തത് കൊണ്ടാണ് നമ്പർ ലഭിക്കാത്തതെന്നും ആയതിൽ ഇളവ് അനുവദിക്കണമെന്നുമാണ് പരാതിക്കാരന്റെ ആവശ്യം

ഗ്രാമപഞ്ചായത്തിന് വേണ്ടി സെക്രട്ടറി ശ്രീ സജുവിന്റെ കെട്ടിട നിർമ്മാണം സി ആർ സെഡ് നിയമപ്രകാരം ആവശ്യമായ വിവരങ്ങൾ പാലിക്കാത്തതിനാലാണ് നമ്പർ അനുവദിക്കുന്നതിന് സാധിക്കാത്തത് എന്ന് വ്യക്തമാക്കുന്നു

**തീരുമാനം**

സി ആർ സെഡ് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഇളവ് അനുവദിക്കണമെന്നാണ് പരാതിക്കാരന്റെ ആവശ്യം ആയതിനാൽ ഈ അപേക്ഷ ജില്ലാതല സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 7**

Docket No.KNR 0071405

ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ പി സുരേഷ് എന്ന പരാതി

പരാതി പ്രകാരം കെട്ടിട നമ്പർ ലഭിച്ച തന്റെ കെട്ടിടത്തിന് മുകളിലായി ഷീറ്റ് ഇടുകയും കെട്ടിടത്തോട് അനുബന്ധിച്ച് ഷെഡ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയത് അനധികൃതമായ നിർമാണമാണെന്ന് കണ്ടെത്തി ഗ്രാമപഞ്ചായത്ത് പൊളിച്ചുമാറ്റുന്ന നോട്ടീസ് നൽകിയതിനെതിരെയാണ് പരാതി പരാതിക്കാരനോട് നേരിട്ട് സംസാരിച്ചതിൽ കെട്ടിടത്തിനു മുകളിൽ ഷീറ്റ് ഇടുകയും കൂടാതെ അനധികൃതമായി റോഡിൽ നിന്നുംവേണ്ട ദൂരപരിധി പാലിക്കാതെ ഷെഡ് പണിതിട്ടുണ്ടെന്നും പറയുകയുണ്ടായി

**തീരുമാനം**

നിലവിലുള്ള കെട്ടിടത്തിനോട് ചേർന്ന് അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ നോട്ടീസ് ആണ് പരാതിക്ക് ആധാരം .ഈ വിഷയം അദാലത്തിന്റെ പരിഗണന വിഷയങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതല്ല കൂടാതെ അനധികൃത നിർമ്മാണങ്ങൾ എതിരായുള്ള നടപടികൾ പരിഗണിക്കുമ്പോൾ തന്നെ കെട്ടിടം നിയമവിധേയമായി റെഗുലറൈസ് ചെയ്യാവുന്നതാണോ എന്ന് പരിശോധിക്കേണ്ടതും ആയത് പ്രകാരമുള്ള നിർദ്ദേശങ്ങൾ പരാതിക്കാരനെ അറിയിക്കേണ്ടതും ആണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു

**അജണ്ട 8**

Docket No.KNR 0071597

എ കെജി സ്മാരക വായനശാല ഏഴിലോട് പരാതി

**തീരുമാനം**

ചെറുതാഴംഗ്രാമപഞ്ചായത്തിലെ എകെജി വായനശാലയുടെ കെട്ടിടം വിപുലീകരിക്കുമ്പോൾ കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ചുള്ള തുറന്ന സ്ഥലം തുടങ്ങിയ നിബന്ധനകൾ പാലിക്കാൻ സാധിക്കാത്തതിനാൽ ബഹു എംഎൽഎയുടെ വികസന നിധിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തി ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കണം എന്നതാണ് അപേക്ഷ ഈ അപേക്ഷ നേരത്തെ തന്നെ അദാലത്ത് പരിഗണിച്ചിട്ടുള്ളതും ജില്ലാ അദാലത്ത് സമിതിയുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ളതുമാണ് പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 9**

Docket No.KNR 007198

ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ ഷെർലി എം എന്നവരുടെ പരാതി

തന്റെ വീടിന് നേരത്തെ തന്നെ നമ്പർ ഉണ്ടായിരുന്നു എന്നും എന്നാൽ ഗ്രാമപഞ്ചായത്ത് രേഖകളിൽ നിലവിൽ വീട് ഇല്ലാത്തതിനാൽ നികുതി സ്വീകരിക്കുകയോ മറ്റു സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്യുന്നില്ല എന്നതാണ് ശ്രീമതി ഷെർലിയുടെ പരാതി. ശ്രീമതി ഷെർലിയുടെ കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചപ്പോൾ ഡാറ്റാ എൻട്രി ചെയ്തിട്ടില്ലെന്ന് കാണുന്നു എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്

**തീരുമാനം**

നേരത്തെ തന്നെ നിലവിലുണ്ടായിരുന്ന കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താത്തത് കൊണ്ട് അർഹമായ സർട്ടിഫിക്കറ്റുകളും നികുതിയടക്കാനുള്ള ആവശ്യവും നിഷേധിക്കപ്പെടുന്നത് ശരിയായ നടപടിയല്ല. സഞ്ചയ സോഫ്റ്റ്‌വെയർ മാത്രം അടിസ്ഥാനമാക്കി കെട്ടിടം നിലവിലില്ല എന്ന് പറയുന്നതും ശരിയായ രീതിയല്ല ആയതിനാൽ അപേക്ഷകയുടെ കെട്ടിടത്തിന്റെ വസ്തുത പരിശോധിച്ചു പഴയ 2013 മുമ്പുള്ള അസ്സസ് മെൻറ് റജിസ്റ്ററിൽ കെട്ടിടം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ ആയത് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടത് ആണെന്നും സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു .ഡാറ്റാ എൻട്രി ചെയ്യുന്നതിന് നിലവിൽ നിയന്ത്രണം ഉള്ളതിനാൽ ഇക്കാര്യം പ്രത്യേകം അപേക്ഷയായി വസ്തുതകൾ രേഖപ്പെടുത്തി പ്രിൻസിപ്പൽ ഡയറക്ടർ നിന്നും അനുമതി ലഭ്യമാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു

**അജണ്ട 10**

Docket No.KNR 0072051

ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ജലേഷ് കോളങ്ങട എന്നിവരുടെ പരാതി

ശ്രീ ജലേഷ് കോളം നിർമ്മിച്ച വീടിന് നിലവിൽ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം പ്രകാരം നിലം വിഭാഗത്തിൽപ്പെട്ട ഭൂമിയിൽ ആയതിനാൽ അനധികൃത കെട്ടിടങ്ങൾക്കുള്ള നമ്പറാണ് അനുവദിച്ചു നൽകിയിട്ടുള്ളത് .പ്രസ്തുത കെട്ടിടത്തിന് നിയമാനുസൃത നമ്പർ ലഭ്യമാക്കണമെന്നാണ് പരാതിക്കാരന്റെ ആവശ്യം. ശ്രീ ജലേഷിന്റെ കെട്ടിടനിർമ്മാണം 120 ചതുരശ്ര മീറ്ററിൽ അധികരിക്കുന്നതാണെന്നും വിജ്ഞാപനം ചെയ്യാത്ത ഭൂമിയിൽ ഉൾപ്പെട്ട നിലം വിഭാഗത്തിൽപ്പെട്ട പ്രസ്തുത സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് പരിവർത്തനം നടത്തേണ്ടതുണ്ട് ആയതിനാലാണ് അനധികൃത കെട്ടിടങ്ങളുടെ നമ്പർ നൽകിയിട്ടുള്ളത് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

**തീരുമാനം** 120 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള പാർപ്പിടം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ നിർമ്മിച്ചിരിക്കുന്ന അവസ്ഥയിൽ ഭൂമിയുടെ തരം പരിവർത്തനം ചെയ്യുന്നതിന് ആർ.ഡി.ഒ യുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട് നിലം പരിവർത്തനം നടത്തുന്നതിനുള്ള അനുമതിക്ക് അപേക്ഷിക്കുന്നതിനും അനുമതി ലഭിക്കുന്ന മുറക്ക് പ്രസ്തുത കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ നൽകുന്നതിനും പരാതിക്കാരനോട് നിർദ്ദേശിച്ച തീരുമാനിച്ചു

**അജണ്ട 11**

Docket No.KNR 0070026

ഏഴോം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ സുകുമാരൻ വിറകൻ വളപ്പിൽ എന്നിവരുടെ പരാതി
ശ്രീ സുകുമാരൻ പിറകിൽ വളപ്പിൽ എന്നവർക്ക് കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നില്ല എന്നതാണ് പരാതി സി ആർ സെഡ് പരിധിയിൽ ഉൾപ്പെടാത്തതാണ് തന്റെ സ്ഥലം എന്നും ആയതിനാൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് അനുമതി ലഭ്യമാക്കണമെന്നാണ് പരാതിക്കാരന്റെ ആവശ്യം

സി ആർ സെഡ് ദൂരപരിധി പാലിക്കാത്തതിനാലാണ് കെട്ടിടത്തിന് അനുമതി നൽകാൻ സാധിക്കാത്തതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

സി ആർ സെഡ് നിയമത്തിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഇളവ് അനുവദിക്കുന്നതിനുള്ളതാണ് അപേക്ഷ ആയതിനാൽ ഈ അപേക്ഷ ജില്ലാതല സമിതിയുടെ .പരിഗണനക്ക്സമർപ്പിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 12**

Docket No.KNR 0070758

ഏഴോം ഗ്രാമപഞ്ചായത്തിനെതിരെ ഷാജി ഇടച്ചേരിയൻ എന്നവരുടെ അപേക്ഷ
ശ്രീ ഷാജി ഇടച്ചേരിയൻ ഏഴോം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിക്കുന്നില്ല എന്നതാണ് പരാതി.തീരദേശ പരിപാലന നിയമത്തിൽ ഇളവ് അനുവദിച്ച തരണമെന്നതാണ് ആവശ്യം
സി ആർ സെഡ് നിയമപ്രകാരം ആവശ്യമായ ദൂരപരിധി പാലിക്കാത്തത് കൊണ്ടാണ് അനുമതി നൽകാൻ സാധിക്കാത്തതെന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

തീരദേശ നിയമത്തിൽ ഇളവ് നൽകി കെട്ടിട നിർമ്മാണത്തിന് അനുമതി ലഭ്യമാക്കണമെന്നാണ് അപേക്ഷകന്റെ ആവശ്യം പ്രസ്തുത അപേക്ഷ ജില്ലാ സമിതിയുടെ പരിഗണനക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 13**

Docket No.KNR 0071698

ഏഴോം ഗ്രാമപഞ്ചായത്തിനെതിരെ മനോജ് കുമാർ എം എന്നവരുടെ പരാതി
ശ്രീ മനോജ് കുമാർ ഗ്രാമപഞ്ചായത്തിലെ നരിക്കോട് കോളനി റോഡിന് സമീപത്തായി പണിത ഭവനത്തിന് യുഎ നമ്പർ ആണ് അനുവദിച്ചിട്ടുള്ളത് എന്നും നമ്പർ അംഗീകൃത നമ്പർ ആക്കി മാറ്റി നൽകണമെന്ന് ആണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത് .അപേക്ഷകനെ നേരിട്ട് ബന്ധപ്പെട്ടതിൽ റോഡിൽ നിന്നും മൂന്നു മീറ്റർ ദൂരപരിധി പാലിക്കാത്തതിനാൽ ആണ് അനധികൃത കെട്ടിടങ്ങൾക്കുള്ള നമ്പർ നൽകിയിട്ടുള്ളത് എന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി പ്രകാരമുള്ള വിജ്ഞാപനം ലഭ്യമാക്കിയില്ല

**തീരുമാനം**

ശ്രീ മനോജ് കുമാർ എം എന്നവരുടെ ഭവനം നിലനിൽക്കുന്ന നരിക്കോട് കോളനി റോഡ് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള റോഡുകളിൽ ഉൾപ്പെട്ടതാണോ എന്ന് പരിശോധിച്ച അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു

**അജണ്ട 14**

Docket No.KNR 0072182

ഏഴോം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ യൂസഫ് എം എന്നവരുടെ പരാതി
താൻ പണിത കെട്ടിടത്തിന് നിലവിൽ അനധികൃത കെട്ടിടങ്ങളുടെ നമ്പറാണ് അനുവദിച്ചിട്ടുള്ളത് എന്നും ആയത് നിയമാനുസൃത നമ്പർ ആക്കി മാറ്റി നൽകണമെന്നാണ് ആവശ്യം സി ആർ സെഡ് പരിധിയിൽ വരുന്ന ഭൂമിയിൽ ആവശ്യമായ ദൂരപരിധി പാലിക്കാതെ ആണ് നിർമ്മാണം നടത്തിയത് എന്നും ആയതിനാൽ നിയമത്തിൽ ഇളവ് അനുവദിക്കണമെന്നുമാണ് ആവശ്യം. തീരദേശ പരിപാലന നിയമപ്രകാരമുള്ള ദൂരപരിധിപാലിക്കാത്തതിനാൽ ആണ് കെട്ടിടത്തിന് അനധികൃത കെട്ടിടങ്ങളുടെ നമ്പർ നൽകിയിട്ടുള്ളത് എന്ന്സെക്രട്ടറി അറിയിച്ചു

**തീരുമാനം**

പണിത കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് സി ആർ സെഡ് നിയമത്തിൽ ഇളവ് അനുവദിക്കണമെന്നാണ് ശ്രീ യൂസഫ് എം ന്റെ അപേക്ഷ .ഈ അപേക്ഷ ജില്ലാതല സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 15**

Docket No.KNR 0072258

ഏഴോം ഗ്രാമപഞ്ചായത്തിന് എതിരെ ഷൈജു ഊരാടത്ത് എന്നവർ സമർപ്പിച്ച പരാതി
തനിക്ക് ആകെ ലഭ്യമായ ഭൂമിയിലാണ് താമസത്തിന് വീട് പണിതിട്ടുള്ളത് എന്നും പ്രസ്തുത വീടിന് നമ്പർ ലഭിക്കുന്നില്ല എന്നതുമാണ് പരാതി .പ്രസ്തുത ഭൂമി നിലം കാറ്റഗറിയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്ത ഭൂമി വിഭാഗത്തിൽ ഉൾപ്പെടുന്നതാണ് എന്ന് നേരിട്ട് അന്വേഷിച്ചതിൽ അപേക്ഷകൻ അറിയിച്ചു .ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നിലം കാറ്റഗറിയിലുള്ള ഭൂമിയിലുള്ള നിർമ്മാണമായതിനാലാണ് അനുമതി നൽകാൻ സാധിക്കാത്തത് എന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

വിജ്ഞാപനം ചെയ്ത ഭൂമിയിൽ ഉൾപ്പെട്ട കെട്ടിട നിർമ്മാണം ആയതിനാൽ വീട് വയ്ക്കുന്നതിന് നിലം നികത്തുന്നതിന് അനുമതിക്കായി പ്രാദേശിക നിരീക്ഷണ സമിതി മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ച് തീരുമാനിച്ചു

**അജണ്ട 16**

Docket No.KNR 0062063

പയ്യന്നൂർ നഗരസഭയ്ക്ക് എതിരെ ശ്രീ ജിതിൻ മോഹൻ സമർപ്പിച്ച പരാതി
ശ്രീ ജിതിൻ മോഹൻ എന്നവരുടെ പരാതി പ്രകാരം ശ്രീമതി ദേവി മുതൽ പേർ ഉടമസ്ഥതയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മാണം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചപ്പോൾ 3 ഇരട്ടി പിഴ നൽകണമെന്ന് അറിയിച്ചിട്ടുണ്ട് എന്നതാണ്. നഗരസഭയിലെ രേഖകൾ പരിശോധിച്ച പ്രകാരം ശ്രീമതി ദേവി മുതൽ പേർ 17- 3-23 ലെ ഇ1-5206 /2023 നമ്പർ പ്രകാരംകെട്ടിടം നിർമ്മാണാനുമതി നൽകിയിട്ടുള്ളതാണ് .എന്നാൽ കെട്ടിടത്തിന് നിർമ്മാണം പുരോഗമിക്കുമ്പോൾ തന്നെ 05-04- 2023 തീയതിയിൽ മറ്റൊരു കെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷ നൽകുകയുണ്ടായി.കെ എം ബി ആർ പ്രകാരം നിർമ്മാണത്തിന് ഒരേ പ്ലോട്ടിൽ ഉടമസ്ഥർ ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കാൻ പാടില്ലാത്തതാണ്. ഈ സാഹചര്യത്തിലാണ് ന്യൂനത പരിഹരിക്കുന്നതിന് അറിയിപ്പ് നല്കിയതെന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

നമ്പർ 12900 / ആർ എ 1/ 2015 തസ്വഭവ തീയ്യതി 02.12.2015 സർക്കുലർ പാര 20 പ്രകാരം നിലവിൽ സാധുവായ പെർമിറ്റ് ഉള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും പൂർത്തിയായവയുടെ നമ്പർ, നിർമ്മാണത്തിൽ ഇരിക്കുന്നവരുടെ പെർമിറ്റ് നമ്പർ സഹിതം പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ് .ഒരേ സ്ഥാനത്ത് സാധുവായ രണ്ടു പെർമിറ്റുകൾ ഒരേസമയം ഉണ്ടാകുവാൻ പാടുള്ളതല്ല ആവശ്യമുള്ള പക്ഷം പെർമിറ്റ് സറണ്ടർ ചെയ്തശേഷം ആയത് പെർമിറ്റ് രജിസ്റ്റർ രേഖപ്പെടുത്തിയ ശേഷം മാത്രമേ പുതിയ പെർമിറ്റ് നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് .ഈ സാഹചര്യത്തിൽ ശ്രീമതിദേവി മുതൽ പേരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരേസമയം ഒന്നിലധികം പെർമിറ്റുകൾ അനുവദിക്കുവാൻ സാധിക്കുകയില്ല ആയതിനാൽ നിലവിലുള്ള പെർമിറ്റ് സറണ്ടർ ചെയ്ത് മുഴുവൻ നിർമാണങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് പുതിയ പെർമിറ്റിന് അപേക്ഷിക്കുന്നതിന് പരാതിക്കാരിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

**അജണ്ട 17**

Docket No.KNR 0070511

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി ഇന്ദു താറോൽ എന്നവരുടെ പരാതി

കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കുന്നില്ല എന്നതാണ് പരാതി തൻറെ ഭൂമി തീരദേശ സംരക്ഷണ നിയമം പരിധിയിൽ ഭാഗികമായി വരുന്നതാണെന്ന് അപേക്ഷക പറയുന്നു.ഇത് സംബന്ധിച്ച് കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് ധാരണ ഇല്ലാതതു കൊണ്ടാണ് നിർമ്മാണത്തിന് അനുമതി നൽകാത്തതെന്ന് അപേക്ഷക അറിയിച്ചു ദൂരപരിധി പാലിക്കാതെ അതിനാലാണ് നിർമ്മാണത്തിന് അനുമതി നൽകാൻ സാധിക്കാത്തതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

കെട്ടിട നിർമ്മാണത്തിന് സി ആർ സെഡ് നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടോ എന്നതാണ് വിഷയം. ആയതിനാൽ പരാതിക്കാരിയുടെ നിർമ്മാണ സംബന്ധിച്ച ഫയൽ തീരദേശ പരിപാലന സമിതി ജില്ലാ കമ്മിറ്റിയുടെ നിർദ്ദേശത്തിനായി നല്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു

**അജണ്ട 18**

Docket No.KNR 0070457

കല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ഷമീർ പി എന്നവരുടെ അപേക്ഷ

തന്റെ സഹോദരി ആബിദ ടിപി എന്നവർക്ക് ലഭിച്ച കെട്ടിട നിർമ്മാണ പെർമിറ്റിങ് റദ്ദ് ചെയ്തിട്ടുണ്ട് എന്നും ആയതു പുനഃസ്ഥാപിച്ചു ലഭിക്കണം എന്നതുമാണ് പരാതിക്കാരന്റെ ആവശ്യം തീരദേശ പരിപാലന നിയമ പ്രകാരം ആവശ്യമായ ദൂരപരിധി പാലിക്കാത്തത് കൊണ്ടാണ് പെർമിറ്റ് റദ്ദ് ചെയ്തതെന്ന് സെക്രട്ടറി അറിയിച്ചു തീരദേശ നിയമത്തിൽ ഇളവ് ലഭ്യമാക്കണമെന്നാണ് പരാതിക്കാരന്റെ ആവശ്യം

**തീരുമാനം**

സി ആർ സെഡ് പരിധിയിൽ വരുന്ന കെട്ടിട നിർമ്മാണം ആയതിനാൽ തനിക്ക് നിയമത്തിൽ ഇളവ് ലഭിക്കണം എന്നാണ് പരാതിക്കാരന്റെ ആവശ്യം ആയതിനാൽ ഈ അപേക്ഷ ജില്ലാതല സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 19**

Docket No.KNR 0071214

കല്യാശ്ശേരിഗ്രാമപഞ്ചായത്തിനെതിരെ സജീവൻ എന്നവർ സമർപ്പിച്ച പരാതി

റോഡിനോട് ചേർന്ന തന്റെ ഭൂമിയുടെ മതിൽ നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നില്ല എന്നതാണ് പരാതി ശ്രീ കെ വി സജീവൻ ഹാജരാക്കിയ രേഖകൾ പ്രകാരം ഭൂമി നിലം വിഭാഗത്തിൽ പെടുന്നതാണ് പ്രസ്തുത ഭൂമി നെൽവയൽ തണ്ണീർതട സംരക്ഷണ നിയമ പ്രകാരം വിജ്ഞാപനം ചെയ്യാത്തതാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്കും 40 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്കും മാത്രമാണ് അനുമതി നൽകാൻ സാധിക്കുക എന്ന സെക്രട്ടറി അറിയിച്ചു ഇക്കാരണത്താലാണ് പെർമിറ്റ് അനുവദിക്കാത്തത് എന്ന് സെക്രട്ടറി വ്യക്തമാക്കി

**തീരുമാനം**

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ പരിവർത്തനം ചെയ്യാതെ 4.04 6 ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വരെയുള്ള വീട് നിർമാണത്തിനും 2.0 വിസ്തൃതിയുള്ള ഭൂമിയിൽ 40 മീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടത്തിനും മാത്രമാണ് പരിവർത്തനം ചെയ്യാതെ അനുമതി നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ശ്രീ സജീവന്റെ നിർമ്മാണം ഈ വിഭാഗത്തിൽ പെടുത്തതിനാലാണ് അനുമതി നിഷേധിച്ചതെന്ന സെക്രട്ടറിയുടെ നിലപാട് ശരിവെക്കുന്നു. പ്രസ്തുത ഭൂമി നിയമാനുസൃതം പരിവർത്തനം നടത്തിയ ശേഷം അപേക്ഷിക്കുന്നതിന് ശ്രീ കെ വി സജീവനോട് നിർദ്ദേശിച്ച് തീരുമാനിച്ചു

**അജണ്ട 20**

Docket No.KNR 0070488

ശ്രീമതി അലിമ അഞ്ചക്കര എന്നവർ കല്യാശേരി ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

15 വർഷങ്ങൾക്കു മുമ്പ് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക അനുകൂലത്തോടെ പണിതതാണ് തന്റെ വീട് എന്നും വീടിന് അനധികൃത കെട്ടിടങ്ങൾക്കുള്ള നമ്പറാണ് അനുവദിച്ചിട്ടുള്ളതെന്നും മാറാരോഗികളും വാർദ്ധക്യസഹജമായ കാരണങ്ങളാലും കഷ്ടപ്പെടുന്ന ബിപിഎൽ വിഭാഗത്തിനുള്ള തനിക്ക് ഈ ഭാരിച്ച നികുതി അടക്കാൻ സാധിക്കാത്തതിനാൽ കെട്ടിടത്തിന് നിയമാനസൃത നമ്പർ നൽകണമെന്ന് ശ്രീ അലീമയുടെ ആവശ്യം.പാലിയത്ത് വളപ്പ് ആംസ്റ്റിക് കോളജ് റോഡിന് സമീപമാണ് തന്റെ വീട് നിലനിൽക്കുന്നതെന്നും ഭൂമിയുടെ പ്രത്യേക കിടപ്പ് കാരണം റോഡിൽ നിന്നും വേണ്ട ദൂരം പാലിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും പരാതിക്കാരി പറയുന്നു.റോഡിൽ നിന്നും ആവശ്യമായ ദൂരം പാലിക്കാത്തതിനാലാണ് കെട്ടിടത്തിന് അനധികൃത കെട്ടിടങ്ങളുടെ നമ്പർ നൽകി നികുതിയിടാക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

15 വർഷങ്ങൾക്ക് മുമ്പാണ് ശ്രീമതി അലീമ ഭവന നിർമ്മാണം പൂർത്തിയാക്കിയത് എന്ന് കാണുന്നു ഈ കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തിലെ ശ്രീമതി അലീമയുടെ കെട്ടിടത്തിനു മുൻവശത്ത് കൂടി കടന്നു പോകുന്ന റോഡ് കേരള പഞ്ചായത്ത് രാജ് ആക്ട് 220 ബി സെക്ഷൻ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുകയുണ്ടായില്ല .ഈ സാഹചര്യത്തിൽ പ്രസ്തുത റോഡ് കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 220 ബി പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ചു അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. പ്രസ്തുത റോഡ് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് അദാലത്തിന് ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

**അജണ്ട 21**

Docket No.KNR 0070022

കല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ രാഘവൻ പി എന്നവരുടെ പരാതി

ഏതാണ്ട് 8 വർഷം മുമ്പ് ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി താൻ ഒരു ഭവനം പൂർത്തിയാക്കിയിട്ടുണ്ട് എന്നും ആയതിന് നമ്പർ അനുവദിച്ചു തരുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും അപേക്ഷ പരിഗണിച്ച് നമ്പർ അനുവദിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് തന്നെ ഫോൺ മുഖേന അറിയിച്ചു എന്നും 400 രൂപ ഫീസ് അടക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ തന്റെ സാമ്പത്തിക പരാധീനതകൾ കാരണം ആ സമയത്ത് തുക കൊടുക്കുന്നതിന് തനിക്ക് സാധിക്കാത്തതിനാൽ കുറച്ചു മാസങ്ങൾക്ക് ശേഷം തുക സ്വരൂപിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് ചെന്നെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്രസ്തുത നമ്പർ കാണുന്നില്ല എന്ന് കാരണത്താൽ തുക ഒടുക്കുന്നതിന് അനുവദിച്ചില്ലെന്നും ഇപ്പോഴും തന്റെ കെട്ടിടത്തിന് അപേക്ഷപ്രകാരം അനുവദിച്ച നമ്പർ നൽകിയിട്ടില്ലെന്നും പരാതിക്കാരൻ പറയുന്നു .അപേക്ഷ നൽകിയത് സംബന്ധിച്ചിട്ടുള്ള രേഖകൾ കാലപ്പഴക്കം കൊണ്ട്തന്റെ കയ്യിൽ നിന്നും നഷ്ടപ്പെട്ടിട്ടുണ്ടെന്നും അപേക്ഷകൻ അറിയിച്ചു.ഇത് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വന്നിട്ടില്ലെന്നും പ്രാഥമിക പരിശോധനയിൽ ഇത്തരം ഒരു ഫയൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു

**തീരുമാനം**

ശ്രീ രാഘവൻ തന്റെ ഭവന നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തോടു കൂടിയാണ് .ടിയാൻ ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു ധനസഹായം ലഭിച്ചത് ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പരിശോധിച്ചാൽ വ്യക്തമാവുന്നതാണ് .പ്രസ്തുത കാലഘട്ടത്തിലെ ഫയലുകൾ പരിശോധിച്ച രാഘവന്റെ അപേക്ഷ കണ്ടെത്തുന്നതിനും ആയത് പ്രകാരം ഫയലിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഗണിച്ച്ശ്രീ രാഘവന്റെ കെട്ടിടത്തിന്റെ നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നു .ഇത് സംബന്ധിച്ച് റിപ്പോർട്ട് 7 ദിവസത്തിനകം അദാലത്തിന് ലഭ്യമാക്കേണ്ടതാണ്

**അജണ്ട 22**

Docket No.KNR 0071170

ശ്രീമതി ഹസീന കെവി എന്നവർ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് വീട് നിർമ്മിച്ചതിനാൽ നമ്പർ അനുവദിച്ചു കിട്ടുന്നില്ല എന്നും ആകയാൽ റേഷൻ കാർഡ് തൻറെ കുടുംബത്തിന് ലഭിക്കുന്നില്ല എന്നുമാണ് പരാതി .ശ്രീമതി ഹസീന കെവി കല്യാശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ കെ.സെഡ് എം എ യുടെ മുൻകൂർ അനുമതിയില്ലാതെ 150.7 ചതുരശ്ര മീറ്റർ വീട് നിർമ്മിച്ചിട്ടുണ്ട് ആയത് അംഗീകാരത്തിനായി കെ.സെഡ് എം എ ക്ക് സമർപ്പിച്ചിരുന്നു എന്നും എന്നാൽ ജില്ലാതല സമിതിക്ക് സമർപ്പിക്കുന്നതിന് സംസ്ഥാനതല സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഹസീനയുടെ കെട്ടിട നിർമ്മാണ സംബന്ധിച്ച ഫയൽ തീരദേശ പരിപാലന സമിതി ജില്ലാ കമ്മിറ്റി മുമ്പാകെ പരിഗണനയിൽ ആണ് ഉള്ളത് എന്നും സെക്രട്ടറി അറിയിച്ചു .-കൂടാതെ 3 -3- 2020ലെ സഉ ( സാധാ )നമ്പർ 530/2020 /തസ്വഭവ സർക്കാർ ഉത്തരവ്പ്രകാരം കേന്ദ്രസർക്കാറിന്റെ പരിധിയിൽ വരുന്ന സി ആർ സെഡ് നിയമങ്ങൾ ലംഘിച്ച വാസഗൃഹങ്ങൾക്ക് താൽക്കാലിക നമ്പർ നൽകി താമസ സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതല്ലെന്ന് സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുള്ളത് എന്നും സെക്രട്ടറി അറിയിച്ചു

**തീരുമാനം**

ശ്രീമതി ഹസീനയുടെ അപേക്ഷ തീരദേശ പരിപാലന നിയമം ജില്ലാതല സമിതിയുടെ മുമ്പാകെ ഉള്ളതിൽ സമിതിയുടെ നിർദ്ദേശാനുസരണം നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു

**അജണ്ട 23**

Docket No.KNR 006 1877

ചെറുപുഴ ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ അബ്ദുൽ റഹ്മാൻ പി എന്നിവരുടെ അപേക്ഷ

ചെറുപുഴയിൽ തന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിൽ പുതുതായി വേർതിരിച്ച ഒരു മുറിക്കു നമ്പർ ലഭിക്കുന്നില്ല എന്നും റോഡ് വികസനത്തിന് ഭൂമി വിട്ടുകൊടുത്തത് കൊണ്ട് പാർക്കിംഗ് തുടങ്ങിയ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സാധിക്കുന്നില്ലെന്നും ആണ് പരാതി ആയതിനാൽ ഇളവ് നൽകി കെട്ടിട നിർമ്മാണ അനുമതി നൽകണമെന്നാണ് അപേക്ഷ

ശ്രീ അബ്ദുറഹ്മാൻ പി എന്നവർ നിലവിലുണ്ടായ കെട്ടിടത്തോട് ചേർന്ന് അനധികൃതമായി കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടെന്നും ആകയാൽ കെട്ടിടത്തിന് കെട്ടിട നിർമ്മാണ നിർമ്മാണ ചട്ടങ്ങൾ പ്രകാരം അംഗീകാരം നൽകുന്നതിന് സാധിക്കുകയില്ല എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു കൂടാതെ കെട്ടിടത്തിൽ വിഭജിച്ച് പുതിയ നമ്പർ നൽകുന്നതിന് ടിയാൻ ഗ്രാമപഞ്ചായത്തിൽ അപേക്ഷകൾ ഒന്നും നൽകിയിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു

**തീരുമാനം**

നിലവിലുള്ള കെട്ടിടത്തിൽ ഘടനാപരമായ മാറ്റം വരുത്താതെ ഇടഭിത്തികൾ നിർമ്മിക്കുന്നതിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം കെട്ടിട നിർമ്മാണ അനുമതി ആവശ്യമില്ലാത്തതാണ് ആകയാൽ അപേക്ഷകൻ തന്റെ അംഗീകാരം ലഭിച്ച കെട്ടിടത്തിനകത്ത് ഘടനാപരമായ മാറ്റം വരുത്താതെ ഇടച്ചുമരുകൾ നിർമ്മിച്ച മുറി വേർതിരിച്ചിട്ടുണ്ടെങ്കിൽ അപേക്ഷകന്റെ ആവശ്യപ്രകാരം സെക്രട്ടറിക്ക് കെട്ടിട നമ്പർ നൽകി നികുതി ഈടാക്കാവുന്നതാണ് .എന്നാൽ കെട്ടിടത്തിനോട് ചേർന്ന് അനധികൃതമായി ഏതെങ്കിലും നിർമിതികൾ നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സെക്രട്ടറിക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നു

**അജണ്ട 24**

Docket No.KNR 0071133

കണ്ണപുരം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി വത്സല കെ കെ എന്നവരോട് പരാതി

**തീരുമാനം**

ശ്രീമതി വത്സല കെ കെ യുടെ പരാതി 2023 ഡിസംബർ പതിനൊന്നാം തീയതിയിൽ നടന്ന അദാലത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തി തീരുമാനമെടുത്തിട്ടുള്ളതാണ്

**അജണ്ട 25**

Docket No.KNR 0071677

കണ്ണപുരം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ രാജൻ എന്നവരുടെ പരാതി

**തീരുമാനം**

ശ്രീ രാജൻ എന്നവരുടെ പരാതി 2023 ഡിസംബർ പതിനൊന്നാം തീയതി അദാലത്തിൽ തീരുമാനം കൈ കൊണ്ടിട്ടുള്ളതാണ്

യോഗം വൈകുന്നേരം 4 30ന് അവസാനിച്ചു